بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 21.11.2014

## (27 MUHARRAM 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയശേഷം പറഞ്ഞു. ഈ വിഷയത്തിൽ എന്റെ അറിവ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന എന്റെ സ്യഷ്ടാവിനോട് എങ്ങനെയാണ് നന്ദി രേഖപ്പെടുത്തേണ്ടതെന്ന് എനിക്കറിയില്ല. അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ് ! ഹൃദയരോഗങ്ങൾക്കുള്ള പ്രതിവിധികൾ വിവരിക്കുന്ന എന്റെ പ്രഭാഷണം ഇന്നും തുടരുകയാണ്. പിശാചിന്റെ ആക്രമണത്തിൽ നിന്നും നമ്മുടെ ഹൃദയത്തെ എങ്ങനെ സംരക്ഷിക്കാമെന്ന് നോക്കാം.

### ഹൃദയ സംരക്ഷണം

ഹൃദയത്തിൽ പിശാച് സംശയങ്ങൾ സ്യഷ്ടിക്കുന്നു. ആയതിനാൽ വിശ്വാസികൾ ദൈവ സ്മരണയിൽ മുഴുകി പിശാചിന്റെ ഈ ആക്രമണത്തെ ചെറുക്കേണ്ടതാണ് ആയതിനാൽ വിശ്വാസികൾ സംശയങ്ങൾക്കും, ശ്രദ്ധ പതറിക്കുന്ന സംഗതികൾക്കും ഹൃദയത്തിൽ യാതൊരു സ്ഥാനവും കൊടുക്കരുത്. സംശയങ്ങളും, ശ്രദ്ധ പതറിക്കുന്ന സംഗതികളും പിശാചിന്റെ സംസാരത്തിലൂടെയാണ് വിശ്വാസികളുടെ ഹൃദയങ്ങളിലേക്ക് കടത്തിവിടുന്നത്.

ഒരു പ്രവാചക വചനത്തിൽ പറയുന്നു **" പിശാച് നിങ്ങളിൽ ഒരാളിന്റെ അടുത്ത് വരികയും, എന്നിട്ട് അവനോട് ചോദിക്കും "നിങ്ങളെ സ്യഷ്ടിച്ചതരാണ് ?"** അയാൾ പറയും അല്ലാഹുവാണ് എന്നെ സ്യഷ്ടിച്ചത്. അപ്പോൾ പിശാച് ചോദിക്കും അല്ലാഹുവിനെ ആരാണ് സ്യഷ്ടിച്ചത് ? അങ്ങനെ ഒരാളിന്റെ ഹൃദയത്തിൽ ഈ ചോദ്യം ഉയരുകയാണെങ്കിൽ അവൻ പറയണം **" അല്ലാഹുവിലും അവന്റെ പ്രവാചകനിലും എനിക്ക് വിശ്വാസമുണ്ട്." അപ്പോൾ ഈ ചിന്ത അവനിൽ നിന്നും അകന്നുപോകുന്നതാണ്."** (മുസ്നദ് അഹ്മദ്)

ദൈവദൂതൻ (സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു : "ഹൃദയത്തിൽ രണ്ട് കാര്യങ്ങൾ സ്വാധീനം ചെലുത്തുന്നതാണ്.

1. സത്യത്തിന്റെയും നന്മയുടെയും രൂപത്തിൽ മാലാഖമാരുടെ സ്വാധീനം. ഇത് അല്ലാഹു (ത) വിൽ നിന്നുള്ളതാകുന്നു. ഈ സ്വാധീനത്തിന് ഒരുവൻ അല്ലാഹുവിനോട് നന്ദി രേഖപ്പെടുത്തേണ്ടതാകുന്നു.

2. നമ്മുടെ ശത്രുവിൽ നിന്നുള്ള സ്വാധീനം, അതിലൂടെ സത്യത്തെ നിരാകരിക്കുവാനും നന്മ നിറഞ്ഞ പ്രവർത്തനങ്ങളെ അവഗണിക്കുവാനും കഴിയുന്നു. ഈ സ്വാധീനം ഒരുവനിൽ പ്രകടമായാൽ അവൻ ശപിക്കപ്പെട്ട പിശാചിൽ നിന്ന്, അല്ലാഹുവിന്റെ സംരക്ഷണം തേടികൊള്ളേണ്ടതാണ്. ഈ പ്രവാചക വചനത്തെ അന്വർത്ഥമാക്കികൊണ്ട് തിരുദൂതർ (സ) വിശുദ്ധ ഖുർ ആനിലെ താഴെപ്പറയുന്ന വചനം ഓതുകയുണ്ടായി. **"പിശാച് നിങ്ങളെ ദാരിദ്ര്യത്തെക്കുറിച്ച് ഭീഷണിപ്പെടുത്തുകയും, നീചകൃത്യങ്ങൾക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു നിങ്ങൾക്ക് തന്റെ പക്കൽ നിന്നുള്ള പാപപൊറുതിയും അനുഗ്രഹവും വാഗ്ദാനം ചെയ്യുന്നു. അല്ലാഹു ഔദാര്യത്തിൽ വളരെ വിശാലതയുള്ളവനും, എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു." (2:269) (മുസ്നദ് അഹ്മദ്)**

### മോക്ഷപ്രാപ്തി എങ്ങനെ നേടാം

അല്ലാഹുവിന് പുറമേയുള്ള വ്യക്തികളിൽ നിന്നും സാധനങ്ങളിൽ നിന്നും, ഹൃദയ രോഗങ്ങളിൽ നിന്നും, തിന്മകളിൽ നിന്നും മുക്തിനേടി സംശുദ്ധ ഹൃദയവുമായി ഖിയാമത്തു നാളിൽ എത്തിച്ചേരുന്നവരാണ് മോക്ഷപ്രാപ്തിക്ക് അർഹരായി തീരുന്നത്.

ഹസ്രത് ഇബ്രാഹീം (അ) അല്ലാഹു (ത) യുടെ മുമ്പാകെ സമർപ്പിച്ച ദു ആ അല്ലാഹു (ത) നമ്മെ പഠിപ്പിക്കുന്നു. **"മനുഷ്യർ പുനരുത്ഥാനം ചെയ്യപ്പെടുന്ന നാളിൽ നീ എന്നെ അപമാനിതനാക്കരുതേ, ധനമോ മക്കളോ പ്രയോജനപ്പെടാത്ത നാളിൽ; പക്ഷെ, സുരക്ഷിത ഹൃദയത്തോടുകൂടി അല്ലാഹുവിന്റെ അടുക്കൽ ചെന്നവർ മാത്രം (രക്ഷ പ്രാപിക്കും)" (26:88 – 90)** അല്ലാഹു (ത) ഹസ്രത് നൂഹ് (അ) നെ പുകഴ്ത്തിയശേഷം ഇപ്രകാരം പറഞ്ഞു. **"ഇബ്രാഹീം അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട ഒരാൾ തന്നെയാണ്. അദ്ദേഹം തന്റെ നാഥന്റെ അടുക്കൽ അനുസരണമുള്ള ഒരു ഹൃദയവുമായി ചെന്ന സന്ദർഭം" (37:84 – 85)**

## ഇസ്ലാമിൽ സംശുദ്ധ ഹൃദയം

ഇസ്ലാമിൽ സംശുദ്ധ ഹൃദയം എന്നു പറയുന്നത് ; ആ ഹൃദയം ശിർക്കിൽ നിന്നും മുക്തമായിരിക്കണം. അതു പോലെ സംശയങ്ങളിൽ നിന്നും, ശ്രദ്ധ പതറിക്കുന്ന സംഗതികളിൽ നിന്നും, വെറുപ്പിൽ നിന്നും, അസൂയയിൽ നിന്നും, ചതി പ്രയോഗത്തിൽ നിന്നും, വഞ്ചനയിൽ നിന്നും മുക്തമായിരിക്കണം. മറ്റുള്ളവരുടെ സന്തോഷത്തിനുവേണ്ടി തന്റെ ഹൃദയ സന്തോഷങ്ങൾ ത്യാഗം ചെയ്യുന്ന ഹൃദയമായിരിക്കണം. അത്തരം ഹൃദയം നഫ്സിന്റെ ഇച്ഛകൾക്ക് അടിമയായിരിക്കില്ല.

പ്രവാചക പ്രഭു (സ) പറഞ്ഞു **"ഒരു കടുക് മണിയോളം അഹങ്കാരമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല." " ഒരാൾ ചോദിച്ചു ഒരുവന്റെ വസ്ത്രം നന്നായിരിക്കണമെന്ന് അവന് മോഹം ഉണ്ട്. അപ്പോൾ പ്രവാചകർ (സ) പറഞ്ഞു. "അല്ലാഹു സുന്ദരനാണ്. സൗന്ദര്യത്തെ അവൻ ഇഷ്ടപ്പെടുന്നു. അഹംഭാവം എന്നത് സത്യത്തെ നിരാകരിക്കലാണ്. ; അവജ്ഞാപൂർവ്വം വീക്ഷിക്കലാണ്; മറ്റുള്ളവരെ നിന്ദിക്കലാണ്." (മുസ്ലീം)**

## നാല് അവയവങ്ങൾ

നാല് അവയവങ്ങൾ മനുഷ്യ ശരീരത്തിലെ പ്രാഥമിക അവയവങ്ങളാകുന്നു.

**1. കണ്ണുകൾ :-** ആയതിനാൽ നിങ്ങളുടെ കണ്ണുകളിൽ നിയന്ത്രണം ഏർപ്പെടുത്തുക. ഹലാലായ കാര്യങ്ങൾ മാത്രം കാണുക. ഹറാമായ കാര്യങ്ങളിലേക്ക് നിങ്ങളുടെ കണ്ണുകളെ പായിക്കരുത്.

**2. നാവ്:-** നിങ്ങളുടെ നാവിനെ നിയന്ത്രിക്കുക. ഹൃദയത്തിലില്ലാത്ത കാര്യങ്ങൾ നിങ്ങൾ പറയരുത്.

**3. ഹൃദയം:-** ഹൃദയത്തിന് നിയന്ത്രണം ഏർപ്പെടുത്തുക. സഹ പ്രവർത്തകരോട് ശത്രുത, ദ്രോഹചിന്ത, അസൂയ ഇവ അതിൽ ഉണ്ടായിരിക്കരുത്.

**4. മനസ്സ് / മനോരഥം/ ഇച്ഛ :-** ഇച്ഛകളിലും നിയന്ത്രണമുണ്ടാകണം. ചീത്ത കാര്യങ്ങളിൽ ആകൃഷ്ടരാകരുത്. ഈ ഗുണങ്ങൾ നിങ്ങൾ ആർജ്ജിക്കുന്നില്ലെങ്കിൽ നിങ്ങൾ നന്മയിൽ നിന്നും അകറ്റപ്പെടുകയും, അങ്ങേയറ്റം ദൗർഭാഗ്യവനായി തീരുകയും ചെയ്യുന്നതാണ്. അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ പറയുന്നു **" (ആ നാളിൽ) സൂക്ഷ്മത പാലിച്ചവർക്ക് സ്വർഗ്ഗം വിദൂരമല്ലാത്ത നിലയിൽ അടുത്തുകൊണ്ടു വരപ്പെടുന്നതുമാണ്. (അവരോട് പറയപ്പെടും) നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടതാണിത്. (അല്ലാഹുവിലേക്ക്) മടങ്ങുന്നവനും (തന്റെ കർമ്മങ്ങൾ) സൂക്ഷിക്കുന്നവനുമായ ഓരോരുത്തനും (ഉള്ളതാണിത്). അതായത്, രഹസ്യാവസ്ഥയിൽ പരമകാരുണികനായ അല്ലാഹുവിനെ ഭയപ്പെടുകയും (അവനിലേക്ക്) മടങ്ങുന്ന ഹൃദയവുമായി വരികയും ചെയ്യുന്നവന്." (50:32-34)**

## പശ്ചാത്താപഹൃദയം

നിഷ്കളങ്കതയാൽ നിറയപ്പെടുന്ന ഹൃദയമാണ് പശ്ചാത്താപ ഹൃദയം. അല്ലാഹു (ത) യുടെ കല്പനകളെ തുടർച്ചയായി അനുസരിക്കുന്ന ഹൃദയമാണത്.

സ്വാത്വികരെയും നന്മ നിറഞ്ഞവരേയും പുകഴ്ത്തിക്കൊണ്ട്, അവരുടെ ആത്മാർത്ഥതയും വിനയവും വിവരിച്ചുകൊണ്ട് അല്ലാഹു (ത) അവരുടെ പ്രാർത്ഥനകളെപ്പറ്റി പറയുന്നു. **"(ആ മുതൽ) അവർക്ക് ശേഷം വരുന്നവർക്കുമുള്ളതാണ്. അവർ പറയുന്നു. (പ്രാർത്ഥിക്കുന്നു) ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് നീ പൊറുത്തു തരേണമേ! ഞങ്ങൾക്കു മുമ്പേ സത്യവിശ്വാസം സ്വീകരിച്ച ഞങ്ങളുടെ സഹോദരങ്ങൾക്കും (പൊറുത്തുകൊടുക്കേണമേ) സത്യ വിശ്വാസികളുടെ നേരെ ഞങ്ങളുടെ ഹൃദയങ്ങളിൽ ഒരു വിദ്വേഷവും ജനിപ്പിക്കരുതേ. ഞങ്ങളുടെ നാഥാ, തീർച്ചയായും നീ കൃപാലുവും, കരുണാമയനുമാവുന്നു." (59:11)**

ഇഹലോക സ്നേഹ വർജനവും, അതിലെ അലങ്കാര വിരക്തിയും പശ്ചാത്താപത്തിന്റെ അടയാളങ്ങളിൽപ്പെടുന്നു. തദ്വാര പരിശുദ്ധവും സുരക്ഷിതവുമായ ഹൃദയത്തിന് ഉടമയായി തീരുന്നു. അല്ലാഹു (ത) നിങ്ങളുടെ ന്യൂനതകളെ നിങ്ങൾക്ക് ബോധ്യപ്പെടുത്തി തരുവാൻ ഉദ്ദേശിക്കുന്നു. അതിലൂടെ നിങ്ങളുടെ ആത്മീയ അവസ്ഥകളെക്കുറിച്ച് നിങ്ങൾക്ക് അവബോധം നൽകുന്നു. നിശാപ്രാർത്ഥനകളുടെ മാധുര്യവും സന്തോഷവും നിങ്ങളിൽ നിന്നും അകറ്റുന്നതിലൂടെയാണത്. ആയതിനാൽ അല്ലാഹുവിന്റെ മുമ്പിൽ നമ്രശിരസ്ക്കരാകുക. അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക്, പ്രവേശിക്കുക. അതിലൂടെ പ്രത്യേകമായ ആസ്വാദനാനുഭവ അനുഗ്രഹങ്ങൾ അല്ലാഹു (ത) പ്രദാനം ചെയ്യുന്നതാണ്. ഖിയാമത്തിനെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു സത്യദാസന്മാരുടെ ഹൃദയങ്ങൾ ഭയംമൂലം അടിമേൽ മറിഞ്ഞുപോകുന്നതാണ്. **" ഹൃദയങ്ങളും കണ്ണുകളും അടിമേലായി മറിഞ്ഞുപോകുന്ന ഒരു നാളിനെ അവർ ഭയപ്പെടുന്നു." (24:38)**

ഭയാനതമൂലം, ഭീകരതമൂലം, ബീഭത്സതമൂലം, സംഭ്രമത്താലും, അന്ധാളിപ്പാലും പുനരുത്ഥാന ദിനം (ഖിയാമത്തുദിനം) ഹൃദയമിടിപ്പ് അതിശീഘ്രതയിലാകുകയും കണ്ണുകൾ അന്ധാളിച്ചുപോവുകയും ചെയ്യുന്നദിനം !

**" അടുത്തുതന്നെ വരുന്ന ഒരു വിപത്തിന്റെ നാളിനെക്കുറിച്ച് നീ അവർക്ക് മുന്നറിയിപ്പ് നൽകുക. ; ദുഃഖം അമർത്തിപ്പിടിക്കുന്നവരായി ഹൃദയങ്ങൾ തൊണ്ട കുഴിയുടെ അടുത്തെത്തുന്ന സന്ദർഭം. അധർമ്മകാരികൾക്ക് (അന്ന്) ഒരു മിത്രമോ അനുസരിക്കപ്പെടുന്ന ഒരു ശുപാർശകനോ ഉണ്ടായിരിക്കുകയില്ല"** (40:19)

ഖിയാമത്തിന്, യൗമുൽ ആസിഫ എന്നും പറയുന്നു. യൗമുൽ ആസിഫ എന്നാൽ അടുത്തു തന്നെ സംഭവിക്കുന്ന മഹാവിപത്താകുന്നു. ഈ ദിനത്തിന്റെ ഭീകരതയിൽ മനുഷ്യൻ ഭയത്താലും, അസ്വസ്ഥതയാലും, ബീഭത്സതയാലും ഹൃദയമിടിപ്പ് മുട്ടിപ്പോകുന്നതാണ്. അല്ലാഹു (ത) പറയുന്നു. **" അന്ന് പല ഹൃദയങ്ങളും ഭയന്ന് വിറയ്ക്കുന്നുണ്ടാകും. അവയുടെ കണ്ണുകൾ ഭയനമ്രങ്ങളായിരിക്കും."** (79:9 – 10) ഇത് കൊണ്ട് അർത്ഥമാക്കുന്നത് ഹൃദയങ്ങൾ ഭയവിഹ്വലങ്ങളായിരിക്കും, അസ്വസ്ഥപൂർണ്ണമായിരിക്കും, എന്തുചെയ്യണമെന്നറിയാത്ത അവസ്ഥയിലായിരിക്കും. ഹസ്രത് ഉമർ (റ) പറഞ്ഞിരിക്കുന്നു. **" ഈ ലോകത്തിന്റെ വലിപ്പത്തിൽ എനിക്കു സ്വർണ്ണമുണ്ടായിരുന്നെങ്കിൽ, ഖിയാമത്തു നാളിന്റെ ഭീകരതയിൽ നിന്നും രക്ഷപ്രാപിക്കുവാൻ ഞാൻ അത് മുഴുവൻ ദാനം ചെയ്യുമായിരുന്നു."**

അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ ഈ വിഷയത്തിലുള്ള വെള്ളിയാഴ്ച ഖുത്തുബ ഇന്നിവിടെ ഞാൻ പൂർത്തിയാക്കുകയാണ്. ഇത് വളരെ വിശാലമായ ഒരു വിഷയമാണ്. ഇൻഷാ അല്ലാഹ് ! എന്റെ റബ്ബ് വീണ്ടും പിന്നീട് എനിക്ക് അവസരം നൽകുകയാണെങ്കിൽ ഈ വിഷയം ഇൻശാ അല്ലാഹ് തുടരുന്നതാണ്. നമ്മുടെ ഹൃദയവും അല്ലാഹുമായുള്ള അതിന്റെ ബന്ധവും, നിങ്ങൾക്ക് കൂടുതൽ ഗ്രഹിക്കുവാനായി, ഈ വിഷയത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങുന്നതാണ്. ഇൻശാ അല്ലാഹ് !

നമ്മുടെ രക്ഷിതാവിനോട് ഈ പ്രാർത്ഥനയോടെ ഞാൻ ഇത് അവസാനിപ്പിക്കുകയാണ്.

**"എന്റെ രക്ഷിതാവേ ! നിന്നെ ഭയപ്പെടാത്തവരുടെ കൂട്ടത്തിൽ നീ ഞങ്ങളെ ഉൾപ്പെടുത്തരുതേ ! നിന്നെ സ്മരിക്കുന്നതിൽ അലസത കാട്ടുന്നവരോടൊപ്പം ഞങ്ങളെ പാർപ്പിക്കരുതേ ! എന്റെ രക്ഷിതാവേ ! കാപട്യത്തിൽ നിന്നും ഞങ്ങളുടെ ഹൃദയങ്ങളെ രക്ഷിക്കേണമേ ! ഞങ്ങളുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടിയാകരുതേ ! ഞങ്ങളുടെ നാവുകളെ കള്ളം പറയുന്നതിൽ നിന്നും സംരക്ഷിക്കേണമേ ! ഞങ്ങളുടെ കണ്ണുകളെ സമാധാനഭഞ്ജനത്തിൽ നിന്നും സംരക്ഷിക്കേണമേ ! കണ്ണുകളുടെ വഞ്ചനയും ഹൃദയ രഹസ്യങ്ങളും അറിയുന്നവൻ നീ മാത്രമാണ്. ! യാ അല്ലാഹ് ! ഹൃദയങ്ങളെ നിയന്ത്രിക്കുന്നവനെ ! നിന്റെ ദീനിൽ ഞങ്ങളുടെ ഹൃദയങ്ങളെ ഉറപ്പിച്ചു നിർത്തേണമേ !"**

**എന്റെ നാഥാ ! ഞങ്ങളുടെ മേൽ കരുണ ചൊരിയേണമേ ! എല്ലാ മുസ്‌ലീംകളിലും കരുണ ചൊരിയേണമെ ! എന്റെ ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാമിലും കരുണ ചൊരിയേണമെ ! ശത്രുക്കളിൽ നിന്നും നീ ഞങ്ങളെ അകത്തി നിർത്തേണമേ ! പരീക്ഷണങ്ങളിൽ, ദൗർഭാഗ്യങ്ങളിൽ, പ്രയാസങ്ങളിൽ നിന്നും ഞങ്ങളെ അകത്തി നിർത്തേണമേ ! ഇവയിൽ നിന്നും രക്ഷിക്കുവാൻ നിനക്ക് മാത്രമേ കഴിയുകയുള്ളൂ. ഞങ്ങളിൽ നിന്ന് ഇവ അകറ്റി നിർത്തുവാൻ നീയല്ലാതെ മറ്റാരുമില്ല. അവിശ്വാസികൾക്കെതിരിലും അവരുടെ അടവുകൾക്കെതിരിലും ഞങ്ങളെ സഹായിക്കണമേ ! യാ അല്ലാഹ് ! നിന്റെ സുന്ദരമായ ദീനിനെ പരിപൂർണ്ണ സമാധാനത്തോടെയും സന്തോഷത്തോടെയും ഞങ്ങളിലൂടെ മടക്കി കൊണ്ട് വരേണമെ ! ആമീൻ.**


<u>**Translated & Issued By**</u>
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*******